(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
3	MDA	7408024	20	14486901	26	48089800	58351665	41768176	24467434
4	PMI	30000000	280	40000000	238	.....	.....	.....	.....
5	GSP	12603800	84	1754800	10	.....	.....	.....	.....
6	Setting up and Revival of DF Mills	4336915	4	1507660	2	.....	.....	.....	.....
7	Cluster Development	Total Societies - 17 Amount -- Rs. 80,87,929							

(സി) ഇൻകം സപ്പോർട്ട് സ്കീമിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 53,50,60,000 രൂപ അനുവദിച്ച് നൽകിയിരുന്നു. ടി തുകയിൽ 23,33,76,543 രൂപ ചെലവഴിച്ചിട്ടുണ്ട്.

കയർ വ്യവസായമേഖലയുടെ ശോചനീയാവസ്ഥ

192 (1235) ശ്രീ. എ. കെ. ബാലൻ :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. ജി. സുധാകരൻ :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം സംരക്ഷിക്കാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർ മേഖലയുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിൽ എത്ര തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകാൻ സാധ്യമാകുന്നുണ്ട് ; ബഡ്ജറ്റിൽ കയർമേഖലയ്ക്ക് വകയിരുത്തിയ തുക ഏതെങ്കിലും വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) കയർ വ്യവസായത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന പതിനായിരങ്ങൾ പട്ടിണിയോട് മല്ലിടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനകം ആത്മഹത്യ ചെയ്ത കയർതൊഴിലാളികളെത്രയെന്നറിയിക്കുമോ ;

(ഇ) കയർ കയറ്റുമതിയിൽ കേരളത്തിന്റെ വിഹിതം എത്ര ശതമാനമായി കുറഞ്ഞിട്ടുണ്ട് ; അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കയർ വ്യവസായം സംരക്ഷിക്കുവാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് സഹായകമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിക്കുന്നവർക്കുള്ള ആനുകൂല്യം കാര്യമായി വർദ്ധിപ്പിച്ചും ചകിരി ഉൽപ്പാദിപ്പിക്കുന്നവർക്ക് സബ്സിഡി നൽകിയും തൊണ്ട് ശേഖരിക്കുന്ന കയർ സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധനം 2,00,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതാണ്. ഈ പദ്ധതി നടപ്പാകുന്നതോടെ മേഖലയിലെ തൊഴിലില്ലായ്മയും കയർ മേഖലയിലെ കൊഴിഞ്ഞുപോക്കും ഒരു പരിധി വരെ കുറയാൻ സഹായകമാകുമെന്ന് കരുതുന്നു. നാളികേര വികസനബോർഡുമായി സഹകരിച്ച് തൊണ്ട് ശേഖരിച്ച് ചകിരിയാക്കുന്ന ഒരു പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കയർപിരി/കയർ ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലിയും വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്.

(ബി) കയർ മേഖലയിൽ ശോചനീയാവസ്ഥ നിലനിൽക്കുന്നില്ല. കയർ മേഖലയിൽ സർക്കാർ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സംഘങ്ങൾക്ക് വർദ്ധിപ്പിച്ച രീതിയിൽ പ്രവർത്തന മൂലധനം നൽകിയതുമൂലം ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല ഈ മേഖലയിൽ കൂലി വർദ്ധനവും നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ മേഖലയിലെ കണക്ക് ലഭ്യമല്ല. നിലവിൽ സഹകരണ മേഖലയിലെ ഏകദേശം 90000-ത്തോളം തൊഴിലാളികൾക്ക് ശരാശരി 155 ദിവസം തൊഴിൽ നൽകാൻ സാധിക്കുന്നുണ്ട്. കയർമേഖലയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ഡി) കയർ വ്യവസായത്തെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളികൾ പട്ടിണിയിലാണെന്ന അവസ്ഥ നിലവിലില്ല. കയർ വ്യവസായം സംരക്ഷിക്കുവാനും ഈ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കാനുമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കയർ തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കേരളത്തിൽനിന്നും പ്രധാനമായും കയറുൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്. ഇതിൽ കുറവ് വന്നിട്ടില്ല. കയർ ബോർഡിന്റെ കണക്കുപ്രകാരം കയർ ഒഴികെയുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതി 2013-14-ൽ 745.93 കോടി രൂപ യുടേതായിരുന്നു. ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണ്.

കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

193 (1236) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സംഘങ്ങളെ പ്രതിസന്ധിയിലാക്കുന്ന തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കയർ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കാണുന്നതിനും ഉല്പാദന ചെലവിന് അനുസൃതമായി വില നൽകി കയറുല്പന്നങ്ങൾ സംഭരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സഹായം പ്രസ്തുത സംഘങ്ങൾക്ക് നല്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly